**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **05-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സമ്പ്രദായം സംരക്ഷിക്കാൻ കൂടുതൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കോവൂർ കുഞ്ഞുമോൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ നയ സമീപനങ്ങൾ കാരണം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലവർദ്ധന നിയന്ത്രിക്കുന്നതിനും സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. 02/11/2022 മുതൽ 08/11/2022 വരെ 1,31,464 കിലോ അരിയാണ് അരിവണ്ടി മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് |

സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽ മൂലം അരിയുടെയും മറ്റും വിലർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്ന് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27/08/2022 മുതൽ 07/09/2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി ചുരുങ്ങിയ കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.

റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന്

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചു നിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. |
| (ബി) | ഗ്രാമതലത്തിൽ സഞ്ചരിക്കുന്ന പൊതുവിതരണ സംവിധാനം കൂടുതൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | യാത്രാ സൗകര്യം കുറവുള്ള ഒറ്റപ്പെട്ട മലയോരപ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ചൂഷണത്തിന് വിധേയമാകാത്ത വിധത്തിൽ അവരുടെ കരങ്ങളിൽ യഥാസമയം നേരിട്ട് എത്തിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി'. കൂടാതെ നിലവിൽ 21 മൊബൈൽ മാവേലി വാഹനങ്ങളിലൂടെയും ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്.<br><br>മൊബൈൽ മാവേലികൾ മുഖേന 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിലും മറ്റു പലചരക്ക് സാധനങ്ങൾ ന്യായമായ നിരക്കിലും മാവേലി സ്റ്റോർ കുറവായ മേഖലകൾ, പ്രളയ ബാധിതമേഖലകൾ, തീരപ്രദേശങ്ങൾ, മലയോര ആദിവാസി മേഖലകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ